പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2571 — 14.12.2015 -ൽ മറുപടിക്ക്

## ഗുരുവായൂരിൽ പ്രത്യേക ക്ലിനിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. വി. അബ്ദുൾ ഖാദർ : | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | ഗുരുവായൂരിന്റെ പ്രത്യേകത കണക്കിലെടുത്ത് പ്രത്യേക ക്ലിനിക്ക് ഗുരുവായൂരിൽ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ; | (എ) | ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | ഓരോ വർഷവും മൂന്നു കോടി ജനങ്ങൾ എത്തുന്ന ഈ നഗരത്തിൽ കിടത്തി ചികിത്സാ സൗകര്യമുള്ള ക്ലിനിക്ക് തുടങ്ങുന്നതിന് നടപടി ഉണ്ടാകുമോ ? | (ബി) | നിലവിൽ ഗുരുവായൂരിന് 4 കിലോമീറ്റർ ചുറ്റളവിലായി 140 കിടക്കകളോട് കൂടിയ ചാവക്കാട് താലൂക്കാശുപത്രിയും, 48 കിടക്കകളോട് കൂടിയ വടക്കേക്കാട് സാമൂഹിക ആരോഗ്യ കേന്ദ്രവും, പ്രതിദിനം ശരാശരി 150 ഒ.പി. യുള്ള പൂക്കോട് പ്രാഥമിക ആരോഗ്യ കേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഒന്നര കിലോമീറ്റർ ചുറ്റളവിനകത്ത് ഗുരുവായൂർ നഗരസഭയുടെ മെറ്റേണൽ ആന്റ് ചൈൽഡ് ഹെൽത്ത് സെന്റർ പ്രവർത്തിക്കുന്നുണ്ട്. നാഷണൽ ഹെൽത്ത് മിഷൻ മുഖേന ഒരു ഡോക്ടർ, ഒരു നേഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, രണ്ട് ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാർ എന്നിവരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ